35339
4/10/18

# കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പർ ശ്രീ.കെ.പി.കുഞ്ഞന്റെ സേവനം - ക്രമവത്കരിച്ച് സ്ഥിരനിയമനം നൽകി പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ)നം. 486/2018/പ്ലാനിംഗ്     തിരുവനന്തപുരം, തീയതി, 01/10/2018**

---

പരാമർശം:- **25/09/2018 ലെ സ.ഉ(സാധാ)നം.472/2018/പ്ലാനിംഗ് നമ്പർ ഉത്തരവ്**

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പുതിയ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ഷൈനി ജോർജ്**
**അഡീഷണൽ സെക്രട്ടറി**

1. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
2. ശ്രീ.കെ.പി.കുഞ്ഞൻ, പാർട്ട് ടൈം സ്വീപ്പർ, സംസ്ഥാന ആസൂത്രണ ബോർഡ് തിരുവനന്തപുരം
   (സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ് ( U.O Note No. 68/Exp. C3/15/Fin dated 30/11/15)
6. പൊതു ഭരണ (എസ്.സി) വകുപ്പ് ( ഇനം നം. 2441 തീയതി 30.08.2018)
7. ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
   (മന്ത്രിസഭായോഗ തീരുമാനത്തിന്റെ പകർപ്പ് സഹിതം)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Priya

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 30-08-2018

ഫയൽ നം.71/ബി2/2018/പ്ലാനിംഗ് ഇനം നം: 2441

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പറായ ശ്രീ. കെ.പി. കുഞ്ഞന്റെ സേവനം ക്രമവത്കരിച്ച് സ്ഥിരനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്.

2441

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ | : 71/ബി2/2018/പ്ലാനിംഗ് |
| 2. | വകുപ്പ് | : ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ് |
| 3. | വിഷയം | : സംസ്ഥാന ആസൂത്രണ ബോർഡിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പറായ ശ്രീ.കെ.പി.കുഞ്ഞന്റെ സേവനം ക്രമവത്കരിച്ച് സ്ഥിരനിയമനം നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 7/7/2018 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ | : ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽസെക്രട്ടറിയുടെ പേര് | : ശ്രീമതി.പ്രസന്നകുമാരി എം.സി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വിശ്വാസ് മേത്ത |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24 /07/2018 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 26/07/2018 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 11/08/2018 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 23/08/2018 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ആസൂത്രണ ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട്ടൈം സ്വീപ്പറായ ശ്രീ. കെ. പി. കുഞ്ഞന്റെ സേവനം ക്രമവൽക്കരിച്ച് സ്ഥിര നിയമനം നൽകുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീ. കെ. പി. കുഞ്ഞൻ 14/11/2007 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ പാർട്ട്ടൈം സ്വീപ്പറായി സംസ്ഥാന ആസൂത്രണ ബോർഡിൽ ജോലി നോക്കി വരികയാണ്. 1993 മുതൽ 01 /11/99 വരെ ടിയാൻ സംസ്ഥാന ആസൂത്രണ ബോർഡിൽ പാർട്ട് ടൈം സ്കാവഞ്ചർ തസ്തികയിലും സേവനമനുഷ്ഠിച്ചിരുന്നു.

3. ശ്രീ. കെ. പി. കുഞ്ഞനെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് നേരത്തെ നിരവധി തവണ പരിശോധിക്കുകയും നിരസിക്കുകയും ചെയ്തിരുന്നു.

4. പട്ടികജാതി വിഭാഗത്തിൽ പെടുന്നയാളും 60 വയസ്സ് പൂർത്തിയായിട്ടുള്ളയാളുമായ ശ്രീ. കെ.പി. കുഞ്ഞന് 17 വർഷത്തിൽ കൂടുതൽ ആസൂത്രണ ബോർഡിൽ സർവ്വീസ് ഉണ്ടെന്നും ടിയാന്റെ കുടുംബ പശ്ചാത്തലവും ദുർബലമായ സാമ്പത്തിക അവസ്ഥയും പരിഗണിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ആവശ്യപ്പെടുകയുണ്ടായി.

5. വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"09.02.2010 ലെ ജി . ഒ ( പി ) നം .61/2010/ ധന ഉത്തരവ് പ്രകാരം 2005 ന് മുമ്പ് daily wage sweeper ആയോ casual sweeper ആയോ ജോലിയിൽ

തുടർന്നിരുന്നവരെ മാത്രമേ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ശ്രീ. കുഞ്ഞൻ സ്കാവഞ്ചർ എന്ന ഒഴിവിലാണ് ജോലി ചെയ്തു വന്നിരുന്നത്. 2007 മുതലാണ് പാർട്ട് ടൈം സ്വീപ്പർ (PTS) തസ്തികയിൽ ദിവസക്കൂലിക്കാരനായി ജോലി ചെയ്തു തുടങ്ങിയത് . ആയതിനാൽ 09.02.2010 ലെ ജി . ഒ ( പി ) നം .61/2010/ ധന ഉത്തരവ് പ്രകാരമോ 25/11/2005 ലെ 501/2005/ ധന ഉത്തരവ് പ്രകാരമോ ശ്രീ. കുഞ്ഞനെ സ്ഥിരപ്പെടുത്താനാവില്ല എന്നറിയിക്കുന്നു ."

ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട കാര്യം

സംസ്ഥാന ആസൂത്രണ ബോർഡിൽ പാർട്ട്ടൈം സ്വീപ്പറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. കെ. പി. കുഞ്ഞന്റെ സർവ്വീസ് 14/11/2007 മുതൽ പ്രാബല്യത്തിൽ ക്രമീകരിച്ച് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം നിലവിലെ ചട്ടങ്ങളിലും ഉത്തരവുകളിലും ഇളവനുവദിച്ച് ഒരു പ്രത്യേക കേസായി പരിഗണിക്കാമോ?

# GOVERNMENT OF KERALA
# (SHRI. PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | |
|---|---|
| 1. File Number | : 71/B2/2018/Plg |
| 2. Department | : Planning & Economic Affairs (B) Department |
| 3. Subject | : The regularisation of daily wage service of Sri.K.P.Kunjan, Part time Sweeper on permanent basis in the State Planning Board -Reg. |
| 4. Date of Chief Minister's Order for placing before the Council | : 07/07/2018 |
| 5. (i) Does the case involve financial commitments/implications | : Yes |
| (ii) If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the note for the Council? | : Yes. |
| 6. Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : No |
| 7. Name of Additional Secretary who submitted the Draft Note | : Smt.Prasannakumari M.C. |
| 8. Name of Additional Chief Secretary who approved the Draft Note | : Dr.Vishwas Mehta |
| 9. Date of approval of the Draft Note for the Council by the Additional Chief Secretary | : 24 /07 /2018 |
| 10. Name of Chief Secretary who approved the Draft Note | : Shri. Tom Jose |
| 11. Date of approval of the Draft Note for the Council by the Chief Secretary | : 26/07/2018 |
| 12. Name of Minister who approved the draft note | : Shri. Pinarayi Vijayan |
| 13. Date of approval of the Draft Note for the Council by the Minister | : 11 / 08 /2018 |
| 14. Date of submission of fair copies | : 23/08/2018 |
| 15. Date of decision by the Council of Ministers | : |
| 16. Number and date of Government Order/ letter communicating the decision | : |

## NOTES FOR THE COUNCIL OF MINISTERS

This note deals with the regularisation of daily wage service of Sri.K.P.Kunjan, Part time Sweeper on permanent basis in the State Planning Board.

2. Sri.K.P.Kunjan has been working as Part time Sweeper on daily wage basis in the State Planning Board with effect from 14/11/2007 onwards. He had also been worked as Part time Scavenger in the State Planning Board with effect from 1993 to 1/11/1999.

3.The request of Sri.K.P.Kunjan for regularisation of service was examined several times earlier in consultation with Finance Department and rejected.

4. Now the Vice Chairman, State Planning Board has requested to regularise service of Sri.K.P.Kunjan as Part Time Sweeper on permanent basis considering that he belongs to the Scheduled Caste community with a weak economic background and on the ground that he had completed 17 years of daily wage service in State Planning Board and have 60 years age.

The remarks of the Finance Department in the matter is as follows:

"09.02.2010 ലെ ജി.ഒ.(പി) നം.61/2010/ധന ഉത്തരവ് പ്രകാരം 2005 ന് മുമ്പ് daily wage sweeper ആയോ casual sweeper ആയോ ജോലിയിൽ തുടർന്നിരുന്നവരെ മാത്രമേ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ശ്രീ.കുഞ്ഞൻ സ്കാവഞ്ചർ എന്ന ഒഴിവിലാണ് ജോലി ചെയ്തു വന്നിരുന്നത്. 2007 മുതലാണ് പാർട്ട് ടൈം സ്വീപ്പർ (PTS) തസ്തികയിൽ

ദിവസക്കൂലിക്കാരനായി ജോലി ചെയ്തു തുടങ്ങിയത്. ആയതിനാൽ 09.02.2010 ലെ ജി.ഒ (പി)നം.61/2010/ധന ഉത്തരവ് പ്രകാരമോ 25/11/2005 ലെ 501/2005/ധന ഉത്തരവ് പ്രകാരമോ ശ്രീ.കുഞ്ഞനെ സ്ഥിരപ്പെടുത്താനാവില്ല എന്നറിയിക്കുന്നു."

6. When the file was circulated, Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether representation for regularisation of daily wage service in respect of Sri.K.P.Kunjan, as Part time Sweeper on permanent basis in State Planning Board with effect from 14/11/2007 may be considered as a special case, in relaxation of the existing rules and orders?